**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 83** **27-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ക്രമസമാധാന പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്വർണ്ണകള്ളക്കടത്ത് കേസ്സിലെ പ്രതിയുമായി കൂട്ടുചേർന്ന് സംസ്ഥാനത്തെ പ്രതിപക്ഷകക്ഷികൾ ഭരണഘടനാനുസൃതം തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കം ഗൗരവത്തിലെടുത്ത് കൊണ്ട് അട്ടിമറിശ്രമത്തിനെതിരെ കർക്കശമായ ഭരണപരമായ നടപടികളും നിയമനടപടികളും സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രധാന പ്രതി നടത്തിയ പ്രസ്താവനകൾക്ക് പിന്നിലുള്ള ഗൂഡാലോചനയും മറ്റ് സംശയാസ്പദമായ കാര്യങ്ങളെയും സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് തവനൂർ എം.എൽ.എ. ഡോ.കെ.ടി.ജലീൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.645/2022 u/s 120(B), 153 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിന്റെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.യുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ.മധുസൂദനന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുള്ളതാണ്.<br><br>അതോടൊപ്പം അഡ്വ.സി.പി.പ്രമോദ് എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 423/2022 u/s 505(1) (b), 465 IPC & 65 of IT Act 2000 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസും സ്പെഷ്യൽ ടീമിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | ക്രമസമാധാനപാലനം സംസ്ഥാനത്തിന്റെ പൂർണ്ണ അധികാരത്തിലുള്ളതായിരിക്കെ കള്ളക്കടത്ത് കേസ്സിലെ പ്രതിക്ക് തങ്ങൾ സംരക്ഷണമൊരുക്കുമെന്ന് ഇ.ഡി. പറഞ്ഞെന്ന വാർത്ത ശരിയെങ്കിൽ ഗുരുതരമായ നിയമലംഘനത്തിനെതിരെ ശക്തമായ നിയമനടപടിക്ക് മുതിരുന്ന കാര്യം പരിഗണിക്കുമോ; കേന്ദ്ര ഏജൻസികൾക്ക് വ്യക്തമായ | (ബി) | കേന്ദ്ര ഏജൻസികളുടെ വിവിധ കേസുകളിലെ അന്വേഷണം വഴിമാറ്റുന്ന വിഷയം സർക്കാർ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| | രാഷ്ട്രീയമുണ്ടെന്ന് സംസ്ഥാനത്തെ പ്രതിപക്ഷ നേതാവ് പ്രസ്താവിച്ചതു ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; | | |
| (സി) | വിമാനയാത്രക്കിടെ മുഖ്യമന്ത്രിക്ക് ജീവാപായം വരുത്താൻ ചിലർ ശ്രമിച്ചതും അവരെ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളുടെ നേതൃത്വത്തിലുള്ള ചിലർ സംരക്ഷിക്കുമെന്ന് പ്രസ്താവിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തിലെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | മുഖ്യമന്ത്രിക്കെതിരെ വിമാനത്തിനുള്ളിൽ വച്ച് നടന്ന ആക്രമണ ശ്രമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ PSO നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 u/s 120 B, 332, 307, 34 of IPC, Sec.22 of Aircraft (Investigation of Accidents and Incidents) Rules 2012, Sec. 11 A of Aircraft Act 1934 & Sec. 3(1) (a) of Suppression of Unlawful Acts Against Safety of Civil Aviation Act 1982 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ഈ സംഭവത്തിന്റെ ഗുരുതര സ്വഭാവം കണക്കിലെടുത്ത് ടി കേസിന്റെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-യുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ചുള്ള എല്ലാ ആരോപണങ്ങളും ടി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ